II ഇ.ബി. XII- കേരള നിയമസഭ/XIV-9

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 12, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

28(*241) ഭക്ഷ്യസുരക്ഷ പദ്ധതി

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, നെല്ലുല്പാദന വർദ്ധനവ് മുൻനിർത്തി ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി 25-ലേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും ഉല്പാദനത്തിൽ ഏകദേശം 61753 ടൺ വർദ്ധനവുണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നെൽക്കൃഷി മേഖലയുടെ വികസനത്തിനായി കേന്ദ്ര നെൽക്കൃഷി വികസന പദ്ധതി, സംസ്ഥാന നെൽക്കൃഷി വികസന പദ്ധതി, സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (പാലക്കാട് ജില്ലയിൽ മാത്രം), കിസാൻ അഭിമാൻ പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, സൗജന്യ വൈദ്യുതി പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, സീഡ് വില്ലേജ് പദ്ധതി, നെൽക്കർഷകർക്കുള്ള ഉല്പാദന ബോണസ്, നെല്ല് സംഭരണം, കാർഷിക യന്ത്രവൽക്കരണം എന്നിവയിലൂടെ 207 കോടി

രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിവിധ കേന്ദ്ര പദ്ധതികളിലായി അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ഈ സാമ്പത്തിക വർഷംതന്നെ ചെലവഴിക്കുന്നതാണ്. ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിത്ത്/വിള ഇൻഷ്വറൻസ് പദ്ധതികൾക്കുപുറമെ ഈ വർഷം കേരളത്തിലെ മൊത്തം കൃഷിയേയും ഒരു ഇൻഷ്വറൻസ് പരിരക്ഷയുടെ കീഴിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയിൽ കൂടുതൽ കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാക്കുകയും അവ സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാക്കുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 12 രൂപയാക്കി വർദ്ധിപ്പിക്കുകയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും സഹകരണ സംഘങ്ങൾ വഴിയും നെല്ല് സംഭരിക്കുകയും ചെയ്യുന്നുണ്ട്. സീഡ് വില്ലേജ് പദ്ധതി നടപ്പാക്കുന്നതിലൂടെ സംസ്ഥാനം വിത്തുല്പാദനത്തിൽ 2012-ഓടുകൂടി സ്വയംപര്യാപ്ത നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. തരിശുനില നെൽക്കൃഷി വികസനത്തിനായി ഈ വർഷം 4.284 കോടി രൂപ അനുവദിക്കുകയും 'തരിശുരഹിത കേരളം' എന്ന ലക്ഷ്യത്തോടെ തരിശുനില കൃഷി, കരകൃഷി ഒരുപൂ ഇരുപൂവാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ കണക്കുപ്രകാരം ഇതുവരെ 30,000 ഹെക്ടർ സ്ഥലത്ത് തരിശ് നിലകൃഷിയും 1000 ഹെക്ടർ സ്ഥലത്ത് കരകൃഷിയും ചെയ്യുകയും

2000-ത്തിലേറെ ഒരുപൂ നിലങ്ങൾ ഇരുപൂ നിലങ്ങളാക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. കരഭൂമിയിൽ നെൽക്കൃഷിക്ക് പറ്റിയ സ്ഥലം കണ്ടെത്തി പ്രത്യേക പഞ്ചായത്തുകളെ തെരെഞ്ഞെടുത്ത് ഈ വർഷം 6000 ഹെക്ടർ സ്ഥലത്ത് കരകൃഷി ചെയ്യാനുളള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. സ്കൂൾ വളപ്പിലും സ്കൂളിനോട് ചേർന്നുകിടക്കുന്ന നെൽവയലുകളിലും സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് നെൽക്കൃഷി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു പ്രത്യേക പ്രോജക്ട് തയ്യാറാക്കി ശൈത്യകാല പച്ചക്കറി കൃഷി കൂടുതൽ മെച്ചപ്പെടുത്തുന്നതാണെന്നും കാർഷിക മേഖല വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കേണ്ട 18 കോടി രൂപ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും സർചാർജ്ജിന്റെ കാര്യം വൈദ്യുതി വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണെന്നും പൊക്കാളി നെല്ല് സംഭരിക്കാനും വിതരണം ചെയ്യാനുമുളള ഒരു പൊതുസംവിധാനമെന്ന നിലയിൽ എറണാകുളം ജില്ലയിൽ ഒരു പ്രോജക്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആറളം ഫാമിനെ ജൈവ ഫാമാക്കി മാറ്റുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

29 (*242) <u>കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനം</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, 1356 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടുകൊണ്ടുളള രണ്ടാംഘട്ട പദ്ധതിയിൽ 88% സ്ഥലമെടുപ്പ് പണികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കെ.എസ്.ടി.പി. പദ്ധതി പ്രകാരം ഏറ്റെടുത്ത 1600 കിലോമീറ്റർ റോഡിൽ

ഹെവി മെയിന്റനൻസിനുള്ള 1000 കിലോമീറ്റർ ഒഴികെ ബാക്കിയുള്ള റോഡുകളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യയ്ക്കകത്തോ പുറത്തോ ഉള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. വായ്പ ലഭ്യമാകുകയും പണം അനുവദിക്കുകയും ചെയ്യുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്. സ്ഥലമെടുപ്പ് വൈകിയതിനാൽ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറിയ ലോകബാങ്ക് അധികൃതരുമായി വീണ്ടും ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ ലിസ്റ്റ് ലോകബാങ്ക് നേരത്തേ ഫൈനലൈസ് ചെയ്തിട്ടുള്ളതിനാൽ ഇനി കൂടുതൽ റോഡുകൾ ഉൾപ്പെടുത്താൻ കഴിയുകയില്ല. കെ.എസ്.ടി.പി. റോഡുകളിലും ഹെവി മെയിന്റനൻസ് പൂർത്തിയായാലുടൻ റോഡ് സേഫ്റ്റി മെഷേഴ്സ് നടപ്പാക്കുന്നതാണെന്നും പ്രസ്തുത പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉണ്ടാകുകയില്ലെന്നും കാര്യേജ് വേയിൽ യൂട്ടിലിറ്റീസ് ഇടാൻ പാടില്ലെന്നുള്ള നിലപാടെടുത്തിട്ടുണ്ടെന്നും സ്പീഡ് ബ്രേക്കറുകളുടെ എണ്ണം കഴിയുന്നത്ര കുറയ്ക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

30 (* 243) <u>കേന്ദ്ര സർവ്വകലാശാല</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, 2009-ൽ കാസർഗോഡുള്ള താത്ക്കാലിക സംവിധാനത്തിൽ കേന്ദ്ര സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും കാസർഗോഡ് ജില്ലയിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച മൂന്ന് സ്ഥലങ്ങളും കേന്ദ്ര സംഘം പരിശോധിക്കുകയും

അനുയോജ്യമല്ലെന്ന് അറിയിച്ചതിനെത്തുടർന്ന് മറ്റ് മൂന്ന് സ്ഥലങ്ങളുടെ നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അന്തിമ തീരുമാന മാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കേന്ദ്രസർവ്വകലാശാലയുടെ ഭരണഘടനാപരമായ കാര്യങ്ങളിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് അനുവാദമില്ലെങ്കിലും സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധിയെ ഇതിൽ ഉൾപ്പെടുത്തുന്നുണ്ട്. കേന്ദ്ര വിദ്യാഭ്യാസ വകുപ്പാണ് അക്കാഡമിക് കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. ഇന്റർ ഡിസിപ്ലിനറി പഠനങ്ങൾക്കാണ് കേന്ദ്ര സർവ്വകലാശാല ഊന്നൽ നൽകുന്നതെങ്കിലും താല്ക്കാലിക സൗകര്യങ്ങളിൽ പ്രവർത്തിക്കാൻ കഴിയുന്ന ഡിപ്പാർട്ടുമെന്റുകൾ എന്നുള്ള നിലയിലാണ് ഹ്യൂമാനിറ്റീസ്, ഇക്കണോമിക്സ് വിഷയങ്ങൾ ഇപ്പോൾ ആരംഭിച്ചിരിക്കു ന്നതെന്നും കേന്ദ്ര സർവ്വകലാശാല പൂർണ്ണ രൂപത്തിൽ പ്രവർത്തനമാരംഭിക്കു മ്പോൾ അടിസ്ഥാന ശാസ്ത്ര വിഷയങ്ങളും ഉണ്ടാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 2072 മുതൽ 2341 വരെയുള്ള ചോദ്യങ്ങളിൽ 85 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)